


# PRIME NEWS ANALYSIS

Malayalam

ACHARYA
An influential mentor

www.acharyainfo.com AcharyaIAS.Academy

# ബിൽഡ് - ബാക്ക് ബെറ്റർ വേൾഡ്(B3W)

ജി-7 രാജ്യങ്ങൾ ചേർന്നുള്ള സംരംഭമാണ് ബിൽഡ്-ബാക്ക് ബെറ്റർ വേൾഡ് എന്നത്. വികസ്വര രാജ്യങ്ങൾക്കും അവികസിത രാജ്യങ്ങൾക്കും കോവിഡ് ആശ്വാസവും ഒപ്പം അടിസ്ഥാന സൗകര്യ വികസനത്തിനും സാമ്പത്തിക വളർച്ചക്കും സാഹചര്യം സൃഷ്ടിക്കുകയാണ് പദ്ധതി ചെയ്യുന്നത്.

സംരംഭത്തിന്റെ ഭാഗമായി ജി.7 രാജ്യങ്ങളും ഒപ്പം താല്പര്യമുള്ള മറ്റു രാജ്യങ്ങളും ചേർന്ന് വികസ്വര രാജ്യങ്ങളിലും അവികസിത രാജ്യങ്ങളിലും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ സ്വകാര്യ നിക്ഷേപം സാധ്യമാക്കും.

## നാല് മേഖലകളെ ലക്ഷ്യം വെച്ചാകും നിക്ഷേപത്തിന് വഴിയൊരുക്കുക. അവ :

ACHARYA
An influential mentor

- കാലാവസ്ഥ
- ആരോഗ്യം
- ഡിജിറ്റൽ സാങ്കേതിക വിദ്യ
- ലിംഗസമത്വം

## ചില നിർദ്ദേശകതത്വങ്ങളുടെ അടിസ്ഥാനത്തിലാകും സംരംഭം മുന്നോട്ടു പോകുക. അവ :

**മൂല്യാധിഷ്ഠിതമായ വികസനം** : സംരംഭത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന വികസനപ്രവർത്തനങ്ങൾ സുതാര്യവും സ്ഥായിയായതും ആയിരിക്കും.

**ഉയർന്ന നിലവാരം** : ബ്ലൂ ഡോട്ട് നെറ്റ്‌വർക്ക് മുന്നോട്ടുവെക്കുന്ന നിലവാരവുമായി ബന്ധപ്പെട്ട നിബന്ധനകൾ പാലിക്കപ്പെടുന്നയാകും നിർമ്മാണപ്രവർത്തനങ്ങൾ.

**കാലാവസ്ഥാ-സൗഹൃദപരം** : പാരീസ് കരാറിലെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് സഹായകരമാകുന്ന രീതിയിലായിരിക്കും നിർമ്മാണപ്രവർത്തനങ്ങൾ

പ്രധാനമായും ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് പദ്ധതിക്ക് ബദലായി ഈ സംരംഭത്തെ കാണാം

ACHARYA
An influential mentor